K24P 3843

Reg. No. : ...............................

Name : ...................................

**I Semester M.A. Degree (C.B.C.S.S. – OBE-Reg./Supple./Imp.) Examination, October 2024 (2023 Admission Onwards)**

**മലയാളം**

**MAMAL01C01 : മലയാളകഥാസാഹിത്യം**

Time : 3 Hours

Max. Marks : 80

PART – A

I. ഏതെങ്കിലും **5** ചോദ്യത്തിന് **ഒന്നരപ്പുറത്തിൽ** കവിയാതെ ഉത്തരമെഴുതുക.

1) ''ഞാനാകുന്ന വീട് തകർന്നു കഴിഞ്ഞിരിക്കുന്നു. അമ്മയില്ല, അച്ഛനില്ല, ആരുമില്ല. ഞാനീ ലോകത്തിൽ തനിച്ച് ...'' സന്ദർഭം വ്യക്തമാക്കുക.

2) നൈസാമലി എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ വിശകലനം ചെയ്യുക.

3) പരിണാമഗുപ്തി എന്ന രചനാതന്ത്രം 'ആരാന്റെ കുട്ടി' എന്ന കഥയിൽ സമർത്ഥമായി ഉപയോഗിച്ചിരിക്കുന്നത് എങ്ങനെ ?

4) അവിസ്മരണീയമായ ചരിത്രസന്ദർഭങ്ങൾ കഥയുടെ ആഖ്യാനത്തിൽ നിർണ്ണായകമായ സ്ഥാനം നേടുന്നതിന് ഉദാഹരണമാണോ 'വില്ലുവണ്ടി' ? – അപഗ്രഥിക്കുക.

5) ''നല്ല തളിരു വെറ്റില! ഇതു കണ്ടിട്ടൊന്നു മുറുക്കാൻ തോന്നുന്നു'' – ഈ സംഭാഷണത്തിൽ അടങ്ങിയിട്ടുള്ള ധ്വനിസാധ്യതകൾ വ്യക്തമാക്കുക.

6) മലയാളികളുടെ കേവല സദാചാര സങ്കല്പങ്ങൾക്ക് നൽകിയ 'ഷോക്ക്ട്രീറ്റ്മെന്റാ'ണ് 'അശ്ലീലം വരുത്തിവച്ച വിന' എന്ന കഥ – ചർച്ച ചെയ്യുക. **(5×4=20)**

PART – B

II. ഏതെങ്കിലും **3** ചോദ്യത്തിന് **മൂന്നു പുറത്തിൽ** കവിയാതെ ഉത്തരമെഴുതുക.

7) എം. ടി. യുടെ കഥകളിലെ വൈകാരികത 'കുട്ട്യേടത്തി' എന്ന കഥയെ മുൻനിർത്തി വിശദീകരിക്കുക.

8) മാനവികമൂല്യങ്ങൾ നഷ്ടപ്പെടുന്ന ആധുനികാനന്തര കാലഘട്ടത്തിന്റെ ആശങ്കകൾ അവതരിപ്പിക്കുന്ന കഥയെന്ന നിലയിൽ 'കാള'യെ വിലയിരുത്തുക.

P.T.O.

9) 'മാർത്താണ്ഡവർമ്മ'യിലെ നായകകഥാപാത്രം അനന്തപത്മനാഭനാണ് എന്ന വാദത്തിന്റെ സാംഗത്യമെന്ത് ? വിശദീകരിക്കുക.

10) ആദ്യകാല കഥകളുടെ പൊതു സ്വഭാവങ്ങൾ ഉദാഹരണസഹിതം വ്യക്തമാക്കുക.

11) പൗരോഹിത്യത്തിന്റെ നാട്യങ്ങളെ ശക്തമായ രീതിയിൽ അപലപിക്കുന്ന രചനയെന്ന നിലയിൽ 'അന്തോണീ, നീയും അച്ചനായോടാ ?' എന്ന കഥയെ വിശകലനം ചെയ്യുക. **(3×8=24)**

## PART – C

III. ഏതെങ്കിലും **3** ചോദ്യത്തിന് **അഞ്ചു പുറ**ത്തിൽ കവിയാതെ ഉത്തരമെഴുതുക.

12) അസ്തിത്വവാദദർശനവും മലയാളനോവലും എന്ന വിഷയത്തിൽ 'ദൽഹി' എന്ന നോവലിനെ മുൻനിർത്തി ചർച്ച ചെയ്യുക.

13) നവോത്ഥാന ചെറുകഥയിലെ സ്ത്രീപക്ഷവീക്ഷണത്തിന്റെ ആവിഷ്ക്കാരഭേദങ്ങളെ പ്പറ്റി 'രമണി', 'പ്രതികാരദേവത' എന്നീ കഥകളെ മുൻനിർത്തി വിശദീകരിക്കുക.

14) പ്രാദേശിക സംസ്ക്കാരവും സ്വത്വരാഷ്ട്രീയവും ആധുനികാനന്തര നോവലിൽ പ്രധാനവിഷയമാണ് – 'ലന്തൻ ബത്തേരിയിലെ ലുത്തിനിയകൾ', 'എരി' എന്നീ നോവലുകൾ ആസ്പദമാക്കി പരിശോധിക്കുക.

15) നവോത്ഥാനകാല ചെറുകഥകളുടെ പ്രമേയപരവും ആഖ്യാനപരവുമായ സവിശേഷതകൾ കണ്ടെത്തി വിവരിക്കുക.

16) ഉദാത്തസാഹിത്യം/ജനപ്രിയസാഹിത്യം എന്ന വർഗീകരണം യുക്തമാണോ ? ആധുനികതാവാദ സാഹിത്യത്തിന്റെ കാലത്തുണ്ടായ ജനപ്രിയനോവലുകളുടെ സവിശേഷതകൾ ആധാരമാക്കി വിശകലനം ചെയ്യുക. **(3×12=36)**